# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *202

**17.06.2014**- ൽ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളുടെ വായ്പാ വ്യവസ്ഥ

**ശ്രീ. വി. ശശി :**
**ശ്രീ. സി. ദിവാകരൻ :**
**ശ്രീ. മുല്ലക്കര രത്നാകരൻ :**
**ശ്രീ. ചിറ്റയം ഗോപകുമാർ :**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ
വ്യവസായവും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സഹകരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വായ്പകൾക്കുള്ള വ്യവസ്ഥകൾ ഉദാരമാക്കി ഉത്തരവായിട്ടുണ്ടോ ; | (എ) സഹകരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വായ്പകൾക്കുള്ള വ്യവസ്ഥകൾ ഉദാരമാക്കി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ജാമ്യ വ്യവസ്ഥകളിൽ എന്തെല്ലാം ഇളവുകളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ജാമ്യവ്യവസ്ഥകളിൽ വരുത്തിയിട്ടുള്ള ഇളവുകൾ സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ വിതരണം ചെയ്യുക.<br>2. 50,000/-രൂപവരെയുള്ള കാർഷികേതര വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ വിതരണം ചെയ്യുക.<br>3. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ സഹായിക്കുന്നതിന് 5,000/- രൂപ വരെയുള്ള വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുക. |

4. 10,000 – രൂപ വരെയുള്ള വായ്പകൾ ഈടില്ലാതെ നൽകുക. ഇതിനു പുറമേ ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളും അൻപതിനായിരം രൂപവരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ വിതരണം ചെയ്യുക.

5. 1 ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളും 50,000/-രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള കാർഷികേതര വായ്പകളും വസ്തു ജാമ്യത്തിലോ രണ്ടിൽ കുറയാത്ത സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജാമ്യം സ്വീകരിച്ചോ വായ്പ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 3 ലക്ഷം രൂപയിൽ അധികരിച്ച കാർഷിക കാർഷികേതര വായ്പകൾ വസ്തു ജാമ്യത്തിലോ മതിയായ മറ്റ് ജാമ്യം ഉറപ്പു വരുത്തിയോ നൽകുക.

സി) തിരിച്ചടവ് സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) വായ്പാ തിരിച്ചടവ് സംബന്ധിച്ച താഴെ പറയുന്ന വ്യവസ്ഥകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

10,000/- രൂപ വരെയുള്ള വായ്പകൾ പ്രതിദിന തവണകളായോ, പ്രതിവാര തവണകളായോ പരമാവധി ഒരു വർഷത്തിനകം തിരികെ അടയ്ക്കണം. 5,000/- രൂപ വരെയുള്ള വായ്പകൾ 100 ദിവസത്തിനകം

തിരികെ അടയ്ക്കേണ്ടതാണ്. രജിസ്ട്രാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് ഈ വായ്പകൾക്ക് ബാധകമായിരിക്കും. ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ രഹിതമായാണ് വായ്പ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്. നിലവിൽ മുതൽ തുക കൃത്യമായി തിരിച്ചടയ്ക്കുന്ന നെൽ കർഷകർക്കും പലിശ രഹിത വായ്പ നൽകി വരുന്നു.

ഹ്രസ്വകാല കാർഷിക വായ്പകളുടെ തിരിച്ചടവ് കാലാവധി കൃഷി ചെയ്യുന്ന വിളയുടെ കാലാവധിയോ വായ്പാ എഗ്രിമെന്റിൽ പരാമർശിച്ചിട്ടുള്ള കാലാവധിയോ ആണ്. ഹ്രസ്വകാല വിള വായ്പകളുടെ തിരിച്ചടവ് കാലാവധി പരമാവധി 1 വർഷവും മദ്ധ്യകാല കാർഷിക വായ്പകളുടെ തിരിച്ചടവ് കാലാവധി 3 വർഷം മുതൽ 5 വർഷം വരെയുമാണ്. മറ്റ് കാർഷികേതര വായ്പകൾക്ക് വായ്പയുടെ പ്രത്യേകത അനുസരിച്ച് 1 വർഷം മുതൽ 10 വർഷം വരെ തിരിച്ചടവ് കാലാവധിയുണ്ട്. കാർഷികേതര വായ്പകൾ വായ്പാ എഗ്രിമെന്റിൽ പരാമർശിച്ചിട്ടുള്ള തവണകളായി തിരിച്ചടയ്ക്കേണ്ടതുണ്ട്.

ഡി) പലിശയിനത്തിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ; നിലവിലുണ്ടായിരുന്ന നിരക്കും പുതുക്കിയ നിരക്കുകളും തമ്മിൽ താരതമ്യം ചെയ്യുമോ?

(ഡി) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്ന് നൽകുന്ന വായ്പകൾക്ക് 16% വരെ ഈടാക്കിയിരുന്ന പലിശ 1% കുറച്ച് പരമാവധി 15% മായി നിജപ്പെടുത്തുന്നതിനും സ്വർണ്ണ

പ്പണയ വായ്പ പലിശ നിരക്ക് പരമാവധി 12% മായി നിശ്ചയിച്ചും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതിനു പുറമേ ഹ്രസ്വകാല വിള വായ്പകളും നെൽ കർഷകർക്കുള്ള വായ്പയും കൃത്യമായി മുതൽ തുക തിരിച്ചടയ്ക്കുന്നവർക്ക് പലിശ രഹിത വായ്പ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ